PAN/9805/2020-J4(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി ഓ , 695033 ,
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2323286 തീയതി : 26/08/2020

**പഞ്ചായത്ത് ഡയറക്ടർ**

**ചീഫ് എഞ്ചിനീയർ**
**തദ്ദേശ സ്വയം ഭരണ വകുപ്പ്**

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ - വാർഷിക പദ്ധതി 2020-21 - Technical Support to GPs - ഘടക പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 24.07.2020 ന് ചേർന്ന RGSA സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്

2. G.O (Rt.) No.1490/2020/LSGD dated. 11.08.2020

മേൽ വിഷയം സംബന്ധിച്ച സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2020-21 വർഷത്തെ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാന്റെ ആക്ഷൻ പ്ലാനിന് സൂചന (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 24.07.2020 ന് ചേർന്ന RGSA സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിട്സും സൂചന (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട Technical Support to GPs എന്ന ഘടക പദ്ധതി നടപ്പിലാക്കുന്നതിനായി 8.21 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 24.07.2020 ന് ചേർന്ന് RGSA സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി ടി ഘടക പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ അടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി 31.03.2021 ന് അവസാനിക്കുന്നതാണ്.

ഇത്തരത്തിൽ താത്കാലികമായി നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വേതനം 2020-21 സാമ്പത്തികവർഷം മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ ടി ഘടകപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക തദ്ദേശ സ്വയം

ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കൈമാറി നൽകുന്നതിനായി പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൌണ്ട് സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിലേയ്ക്ക് അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
DR.P.K.JAYASREE IAS
DIRECTOR OF PANCHAYATH

Endt No: 3308/2019/ CE/LSGD(3) dtd 27/08/20

RAJAN M.V.
PEN : 699601
CHIEF ENGINEER
LOCAL SELF GOVERNMENT DEPARTMENT
THIRUVANANTHAPURAM.

Signature Not Verified

Digitally signed by P K
Jayasree
Date: 2020.08.26 16:44:46 IST
Reason: Approved